"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ബെറ്റ്സി മെറീന ജോൺ -ന്റെ പ്രൊബേഷൻ പ്രഖ്യാപിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.1108/2024/AGRI തീയതി,തിരുവനന്തപുരം, 27-11-2024

---

പരാമർശം:-
1. 26/09/2022 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 849/2022/കൃഷി
2. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 31/10/2024 ലെ ADFW/9295/2024-SB4 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറായി പരാമർശം (1) ഉത്തരവ് പ്രകാരം 17/10/2022 പൂർവ്വാഹ്നം ജോലിയിൽ പ്രവേശിച്ച ശ്രീമതി ബെറ്റ്സി മെറീന ജോൺ -ന്റെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നും ടിയാൾക്കെതിരെ വിജിലൻസ് അന്വേഷണമോ /അച്ചടക്ക നടപടിയോ നിലവിലില്ലെന്നും പ്രൊബേഷൻ കാലയളവിൽ ടിയാൻ പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും വിനിയോഗിച്ചിട്ടില്ല എന്നും അതിനാൽ ടിയാളുടെ പ്രൊബേഷൻ 17/04/2023 പൂർവ്വാഹ്നം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കാവുന്നതാണെന്നും പരാമർശം (2) കത്ത് പ്രകാരം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ച് 17/10/2022 പൂർവ്വാഹ്നം കൃഷി അസിസ്റ്റന്റ് ഡയറക്ടറായി ജോലിയിൽ പ്രവേശിച്ച ശ്രീമതി ബെറ്റ്സി മെറീന ജോൺ -ന്റെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ പ്രൊബേഷൻ 17/04/2023 പൂർവ്വാഹ്നത്തിൽ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബാലഗോപാൽ കെ കെ**

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ശ്രീമതി.ബെറ്റ്സി മെറീന ജോൺ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ (കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം).
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(AGRI-EA1/225/2024-AGRI)**

ഉത്തരവിൻ പ്രകാരം

Signed by

Aswathi S Poonkavanam

Date: 27-11-2024 14:18:49

സെക്ഷൻ ഓഫീസർ